# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 357

27-09-2011-ൽ മറുപടിക്ക്

## ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

### ചോദ്യം

ശ്രീ. ജി. എസ്. ജയലാൽ

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭയിലും പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, കല്ലുവാതുക്കൽ, അദിച്ചനെല്ലൂർ പൂയപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഉൾപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും, ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലുമായി എത്ര അനുവദനീയ തസ്തികകളുടെ ഒഴിവുണ്ടെന്ന് ഇലക്ട്രിക്കൽ സെക്ഷൻ അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ടു നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

### ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) താഴെപ്പറയുന്ന ഒഴിവുകൾ ഉണ്ട്.

| | AE | SE | Overseer | Lineman | Worker | Meter Reader | SA | Cashier |
|---|---|---|---|---|---|---|---|---|
| ചാത്തന്നൂർ ഡിവിഷൻ | - | - | - | - | - | - | - | - |
| ചാത്തന്നൂർ സെക്ഷൻ | | | | | 1 | 2 | | |
| പരവൂർ സെക്ഷൻ | 1 | 1 | 2 | 4 | 4 | 3 | 2 | - |
| പാരിപ്പള്ളി സെക്ഷൻ | | | 2 | 4 | 4 | 3 | 1 | - |
| പൂതക്കുളം സെക്ഷൻ | | 2 | 4 | 8 | 2 | 3 | 2 | 1 |
| കൊട്ടിയം സെക്ഷൻ | | | | 1 | 2 | 1 | | |
| കണ്ണനല്ലൂർ സെക്ഷൻ | | | | 2 | | 1 | | |

(ബി) സെക്ഷൻ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ നിലവിലുള്ള ജീവനക്കാർ അധികജോലി ചെയ്യുന്നുണ്ട്.

(സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പാരിപ്പള്ളിയിൽ അസിസ്റ്റന്റ് എഞ്ചിനിയറേയും പൂതക്കുളത്ത് സീനിയർ സൂപ്രണ്ടിനേയും നിയമിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) താൽക്കാലിക പരിഹാരമെന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ സന്നദ്ധമാകുമോ ? | (ഡി) പി.എസ്.സി റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ